KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated 30/03/ 2018

# ഒന്നര  കിലോയോളം കഞ്ചാവുമായി അറസ്റ്റിൽ

## പിടിയിലായത് മുൻ കൊലപാതക കേസിലെ  പ്രതി

ചാത്തന്നൂര് : കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിലും വിതരണത്തിനായി കൊണ്ട് വന്ന ഒന്നര കിലോയോളം കഞ്ചാവു മായി ഒരാളെ ചാത്തന്നൂർ ഊറാംവിള പ്രൈമറി ഹെൽത്ത് സെൻററിന് സമീപം വച്ച്   കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ എസ് ശ്രീനിവാസ് ഐ പി എസിന് ലഭിച്ച വിവരത്തെ തുടർന്ന് ചാത്തന്നൂർ  പോലീസും ഡാൻസാഫ് സ്പെഷ്യൽ ടീമും  ചേർന്ന് അറസ്റ്റ് ചെയ്തു. കൊല്ലം കണ്ണനല്ലൂർ പാലമുക്ക് ഫൈസൽ മൻസിലിൽ നസീർ ഹുസൈന്റെ മകൻ ഫൈസൽ (24)ആണ് പോലീസ് പിടിയിലായത്. ഇയാൾ 2013 ൽ കൊട്ടിയം തഴുത്തല വാലിമുക്കിന് സമീപം പിതൃ സഹോദരിയെ ബലാൽസംഘം ചെയ്ത് കൊലപെടുത്തിയ കേസിൽ പ്രതിയാണ്. കൂടാതെ ഇടുക്കി ജില്ലയിലെ വണ്ടി പെരിയാർ പോലീസ് സ്റ്റേഷനിൽ 4 കിലോ കഞ്ചാവ് കടത്തിയ കേസിലും പ്രതിയാണ്.




സംസ്ഥാനത്താകമാനം ലഹരി വസ്തുക്കളുടെ ഉപയോഗം വ്യാപകമായതിനെ തുടർന്ന് ജില്ലാ പോലീസ് ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചു  ജില്ലാ ലഹരി വിരുദ്ധ സ്കോഡായ ഡാൻസഫ്  രൂപീകരിച്ചിരുന്നു . ഡാൻസഫ്  രൂപീകരിച്ച ശേഷം ഒരാഴ്ചക്കിടെ നടക്കുന്ന മൂന്നാമത്തെ വലിയ കഞ്ചാവു വേട്ടയാണിത്.

തമിഴ് നാട്ടിൽ നിന്നും കഞ്ചാവ് കേരളത്തിലെത്തിച്ച ശേഷം, കൊല്ലം ജില്ലയിലെ വിവിധ എഞ്ചിനീറിംഗ് കോളേജുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ചാണ് ഇയാളുടെ കച്ചവടം. ഇയാൾ ജില്ല കേന്ദ്രീകരിച്ചു നടക്കുന്ന ഒരു വൻ മാഫിയ സംഘത്തിന്റെ ചെറിയ കണ്ണിയാണെന്നുംവരും ദിവസങ്ങളിൽ കൂടുതൽ പേർ അറസ്റ്റിലാകുമെന്നും പോലീസ് അറിയിച്ചു.  ഇയാൾ കഴിഞ്ഞ കുറെ നാളുകളായി സൈബർ സെല്ലിന്റെയും ഷാഡോ പോലീസിന്റെയും നിരീക്ഷണത്തിലായിരുന്നു. ഒരു കിലോക്ക് മുകളിൽ കഞ്ചാവു തമിഴ് നാട്ടില് നിന്നും ചെക്ക് പോസ്റ്റ് പോസ്റ്റ് കടത്തി കേരളത്തിലെത്തിച്ച് ചെറു പൊതികളാക്കി വിറ്റാൽ വൻതുക ലാഭമായി ലഭിക്കുമെന്നതാണ് ഇവരെ ഇതിന് പ്രേരിപ്പിക്കുന്നത്.

ചാത്തന്നൂർ എസിപി ജവഹർ ജനാർഡ്,കൊല്ലം ഡിസിആർബി എസിപി സതീഷ് കുമാർ,ചാത്തന്നൂർ എസ്ഐ നിസ്സാർ, അഡീ: എസ്ഐ സരിൻ, ഷാജൻ പിള്ള  ഷാഡോ എസ്ഐ വിപിൻ കുമാർ, ജൂനിയർ എസ്ഐ ദീപു, എഎസ്ഐ രാജീവ്, പ്രദീപ് കുമാർ, ഹരിലാൽ, ഷാഡോ പോലിസ് ടീം എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ്  ചെയ്തത്.